പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6409** 21.11.2019-ൽ മറുപടിക്ക്

**പൊതുമരാമത്ത് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കെ.സി.ജോസഫ്** | | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്ത ശ്രീകണ്ഠപുരം - മയ്യിൽ (പെരുവളത്തുപറമ്പ് - പാവന്നൂർ കടവ് ഭാഗം) റോഡ്, മണക്കടവ് - മൂരിക്കടവ് റോഡ്, കാർത്തികപുരം - അരിവിളഞ്ഞപൊയിൽ റോഡ്, വെള്ളാട് - കരുവഞ്ചാൽ റോഡ് എന്നിവയുടെ പ്രവൃത്തി ആരംഭിക്കാതെയിരിക്കാൻ കാരണം എന്താണെന്നറിയിക്കുമോ; | (എ) യും (ബി) യും | <u>ശ്രീകണ്ഠപുരം - മയ്യിൽ റോഡ് (പെരുവളത്തുപറമ്പ് - പാവന്നൂർ കടവ് ഭാഗം)</u><br>പ്രവൃത്തി പുരോഗമിച്ചു വരുന്നു. 12 മീറ്റർ വീതിയിൽ ROW വികസിപ്പിച്ച് പ്രവൃത്തി നടത്താൻ ഉദ്ദേശിച്ചാണ് പ്രവൃത്തി അറേഞ്ച് ചെയ്തത്. സ്ഥലം അളന്ന് തിട്ടപ്പെടുത്തി വിട്ടുകിട്ടുന്നതിലുണ്ടായ കാലതാമസമാണ് പ്രവൃത്തിയിൽ ഉണ്ടായിട്ടുള്ളത്. കൾവർട്ടുകളുടെയും ഡ്രെയിനേജിന്റേയും പ്രവൃത്തികളാണ് ഇപ്പോൾ നടക്കുന്നത്. 31.12.2019 വരെ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകിയിട്ടുണ്ട്. പ്രസ്തുത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.<br><u>മണക്കടവ് - മൂരിക്കടവ് റോഡ്</u><br>എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. കരാർ ഉടമ്പടി നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.<br><u>കാർത്തികപുരം - അരിവിളഞ്ഞപൊയിൽ റോഡ്</u><br>ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച് സൂപ്രണ്ടിംഗ് എഞ്ചിനീയർ പൊതുമരാമത്ത് നിരത്തുകൾ ഉത്തരമേഖല കോഴിക്കോട് ഓഫീസിൽ നിന്നും ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു.<br><u>വെള്ളാട് - കരുവഞ്ചാൽ റോഡ്</u><br>പ്രസ്തുത റോഡിന്റെ ബാലൻസ് പോർഷൻ 3.50 കി.മീ. ദൂരത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതിക്കായി നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനായുള്ള നടപടികൾ നടന്നുവരുന്നു. |
| (സി) ശ്രീകണ്ഠപുരം ടൗൺ നവീകരണ പ്രവൃത്തിയുടെ ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | ശ്രീകണ്ഠപുരം ടൗൺ നവീകരണ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ